Adda247 GET IT ON Google Play

Civil Services (Main) Examination, 2024

PHKM–C–MLY

# മലയാളം / MALAYALAM

## (നിർബന്ധിതം) / (Compulsory)

സമയം : **മൂന്നു** മണിക്കൂർ
*Time Allowed :* ***Three*** *Hours*

പരമാവധി മാർക്ക് : **300**
*Maximum Marks :* ***300***

---

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.

ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു് കുറയ്ക്കുന്നതായിരിക്കും.

ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ ഏതെങ്കിലും പേജോ പേജിന്റെ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in* ***MALAYALAM (Malayalam script)*** *unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

Adda247

Test Prime

ALL EXAMS, ONE SUBSCRIPTION

1,00,000+ Mock Tests

Personalised Report Card

Unlimited Re-Attempt

600+ Exam Covered

25,000+ Previous Year Papers

500% Refund

ATTEMPT FREE MOCK NOW

Adda247 GET IT ON Google Play

**Q1. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) ജനാധിപത്യവും ആവിഷ്കാരസ്വാതന്ത്ര്യവും

(b) ഭാരതത്തിൽ കുടിവെള്ള പ്രതിസന്ധി ആസന്നമാണോ ?

(c) ഗോത്രസംസ്കാരസംരക്ഷണം : ശ്രമങ്ങളും സാധ്യതകളും

(d) ഒഴിഞ്ഞ പാത്രങ്ങൾ അധികം ശബ്ദമുണ്ടാക്കുന്നു

**Q2. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച്, തുടർന്ന് കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

സാഹിത്യത്തെ അതിന്റെ പരിധിക്കുള്ളിൽ നിർത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനാലാണ് നിരൂപണത്തെ സാഹിത്യത്തിന്റെ ഭാഗമായി കണക്കാക്കുന്നത്. സംഗീതത്തിൽ വികലമായ ഒരു സ്വരസ്ഥാനം ഉൾപ്പെടുത്തുമ്പോൾ അത് എങ്ങനെ അശുദ്ധമാകുന്നുവോ അതുപോലെ സാഹിത്യത്തിലും അതിന്റെ സത്തയുടെ ഒഴുക്കിന് വിഘാതമാകുന്ന എന്തെങ്കിലും ഉൾപ്പെട്ടാൽ അതും വികലമാകുന്നു.

നമ്മുടെ യഥാർത്ഥമായ വികാരാവിഷ്കരണത്തിലാണ് സന്തോഷം കുടികൊള്ളുന്നത്. കപടവികാരങ്ങളാൽ ദുഃഖം മാത്രമേ അനുഭവിക്കാൻ കഴിയു. ചിലപ്പോൾ മോശമായ വികാരങ്ങൾ കൊണ്ടും ഒരു വ്യക്തിക്ക് സന്തോഷം അനുഭവിക്കാൻ കഴിയും. അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും മററുള്ളവരുടെ സമ്പത്ത് പിടിച്ചുപറിക്കുമ്പോഴും സ്വാർത്ഥ മോഹങ്ങൾക്കുവേണ്ടി മറ്റുള്ളവരെമുറിവേൽപ്പിക്കുമ്പോഴും ചിലർക്കു് സന്തോഷമുണ്ടാകുന്നു. പക്ഷേ മനുഷ്യ മനസ്സിന്റെ സ്വാഭാവികമായ പ്രവണത ഇതല്ല. ഒരു മോഷ്ടാവിന്

Adda247 GET IT ON Google Play

വെളിച്ചത്തെക്കാൾ അധികം പ്രിയം ഇരുട്ടിനോടാണെങ്കിലും അത് വെളിച്ചത്തിന്റെ മഹത്വത്തെ ഇല്ലാതാക്കുന്നില്ല.

മററുള്ളവരുമായി നമ്മെബന്ധപ്പിക്കാൻ ഉതകുന്ന വികാരങ്ങളാണ് ശരിയായവികാരങ്ങൾ. സ്നേഹം നമ്മെ മറ്റുള്ളവരുമായി ബന്ധപ്പിക്കുകയും വിദ്വേഷം വേർപിരിക്കുകയും ചെയ്യുന്നു. അങ്ങേയറ്റം ധാർഷ്ഠ്യം നിറഞ്ഞ ഒരുവന് എങ്ങനെ മറ്റുള്ളവരുമായിയോജിക്കാൻ കഴിയും ? അതിനാൽ സ്നേഹമെന്നത് ശരിയായ സഹജഗുണവും അഹങ്കാരം ദുഷിച്ചതുമാകുന്നു.

ഒരാളോട് ഗാഢ സ്നേഹം പ്രകടിപ്പിക്കണമെങ്കിൽ സരൂപമായ ഒരു വസ്തുവുണ്ടായിരിക്കണം. കരുണ കാണിക്കുമ്പോഴും നമുക്ക് അതിനൊരു സ്വീകർത്താവുണ്ടാവണം. ക്ഷമ, ധൈര്യം എന്നിവ പ്രകടിപ്പിക്കുമ്പോഴും ഒരു സ്വീകർത്താവ് ആവശ്യമാണ്. ഇതുകൊണ്ട് നാം അർത്ഥമാക്കുന്നത് നമ്മുടെ ബാഹ്യവികാരങ്ങളിലൂടെ വേണം അവരുമായി ഇണങ്ങേണ്ടത് എന്നാണ്. ബാഹ്യപ്രകൃതിക്കു് നമ്മോട് ഒരു ബന്ധവുമില്ല എന്നു ചിന്തിക്കുന്ന ഒരാൾക്കു്, മകൻ നഷ്ടപ്പെട്ട മറ്റൊരാളുടെ ദുഃഖത്തിൽ ഒരു തുള്ളി കണ്ണീർ പൊഴിക്കാൻ കഴിയില്ല. അന്യരുടെ സന്തോഷത്തിൽ പങ്കുചേർന്ന് അതിൽ ആനന്ദിക്കാൻ കഴിയാതെയിരുന്നാൽ മനസ്സിലാക്കേണ്ടത് നാം ഭൗതിക പ്രപഞ്ചത്തിന് ഉപരിയായ നിർവ്വാണത്തിന്റെ (വിരക്തി) അവസ്ഥയിൽ എത്തിച്ചേർന്നു എന്നാണ്. ഇത്തരമൊരവസ്ഥയിൽ സാഹിത്യത്തിന് യാതൊരു മൂല്യവും മില്ലാതെയാകുന്നു. മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കാളിയാകാൻ കഴിയുന്ന ഒരാൾക്കുമാത്രമേ മറ്റുള്ളവർക്കുവേണ്ടി സന്തോഷത്തേയും ദുഃഖത്തേയും സൃഷ്ടിക്കാൻ കഴിയു. എഴുത്തുകാരനും ഇതു ബാധകമാണ്. ഒരു വ്യക്തി സ്വയം ദുഃഖങ്ങൾ അനുഭവിച്ചു തീർക്കുന്നത്

Adda247 GET IT ON Google Play

ശരിയല്ല. ഒരു കലാകാരന് ഇത്തരം അനുഭവങ്ങളെ അവിഷ്കരിക്കുവാകുള്ള ശേഷി ഉണ്ടായിരിക്കണം. വൈവിധ്യമാർന്ന സാഹചര്യങ്ങൾ വ്യക്തികളെ വ്യത്യസ്ത ദിശകളിലേക്കു് നയിക്കുന്നു. മനുഷ്യവികാരങ്ങളുടെ സാധർമ്മ്യങ്ങൾക്കുപരിയായി സാഹചര്യങ്ങളുടെ വൈവിധ്യം അവരുടെ പ്രതികരണങ്ങളേയും വൈവിധ്യപൂർണ്ണമാക്കുന്നു. നാം കർഷകർക്കൊപ്പം ജീവിച്ചാലും അവർക്കൊപ്പം ജീവിക്കാൻ അവസരം കിട്ടിയാലും അവരുടെ സുഖദുഃഖങ്ങളെ നാം നമ്മുടേതുകൂടിയാക്കുന്നു. നമ്മുടെ വികാരങ്ങളുടെ ആഴമനുസരിച്ച് അവരുടെ സാഹചര്യങ്ങൾ നമ്മെ സ്വാധീനിക്കുന്നു. ഇതുപോലെ മറ്റുസാഹചര്യങ്ങളെയും നാം മനസ്സിലാക്കണം. ഒരു വ്യക്തി കർഷകർക്കോ തൊഴിലാളികൾക്കോ ഏതെങ്കിലും പ്രസ്ഥാനത്തിനോവേണ്ടി പ്രചരണം നടത്തുന്നു എന്നു വ്യാഖ്യാനിച്ചാൽ അത് അനീതിയാകും. എന്താണ് സാഹിത്യവും പ്രചാരവേലയും തമ്മിലുള്ള വ്യത്യാസം ? പ്രചരണത്തിൽ അവനവനെപ്പറ്റിയുള്ള പരസ്യം ഇല്ലെങ്കിൽ പ്പോലും അതിൽ ഒരു പ്രത്യേക ഉദ്ദേശ്യം നിറവേറ്റാനുള്ള വ്യഗ്രതയുണ്ട്. അത് അതിനുപയോഗിച്ച മാർഗ്ഗത്തിന്റെ സാധുതയെശ്രദ്ധിക്കുന്നില്ല. സാഹിത്യമെന്നത് കുളിർമ്മയും മാന്യതയുമുള്ള ഒരു ഇളംകാറ്റാണ്. അത് ആരെയും സാന്ത്വനിപ്പിക്കുന്നതും സന്തോഷിപ്പിക്കുന്നതുമാണ്. പ്രചരണമെന്നത് വന്മരങ്ങളെപ്പോലും പിഴുതെറിയുന്നതും കുടിലുകളെയും കൊട്ടാരങ്ങളെയും ഒരുപോലെ വിറപ്പിക്കുന്നതുമായ ഒരു കൊടുങ്കാറ്റാണ്. പ്രചരണമെന്നത് പ്രചോദനം നൽകുമെങ്കിലും സന്തേഷിപ്പിക്കുന്ന ഒരു വസ്തുവല്ല. ഒരു നല്ലകലാകാരൻ അതിൽ സൗന്ദര്യവും രുചിയും നിറയ്ക്കുകയാണെങ്കിൽ അത് പ്രചരണം എന്നതിനുപരിയായി നല്ലൊരു സാഹിത്യ സൃഷ്ടിയായി മാറുന്നു.

Adda247 GET IT ON Google Play

(a) വിമർശനത്തെ എന്തുകൊണ്ടാണ് സാഹിത്യത്തിന്റെ ഒരു ഭാഗമായി കണക്കാക്കുന്നത് ? 12

(b) തെറ്റും ശരിയുമായ ആവിഷ്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? 12

(c) മനസ്സിന്റെ സ്വാഭാവിക പ്രവണതയല്ലാത്തതെന്താണ് ? 12

(d) ലേഖകന്റെ അഭിപ്രായത്തിൽ ആരാണ് സാഹിത്യകാരൻ ? 12

(e) സാഹിത്യവും പ്രചാരണവും തമ്മിലുള്ള വ്യത്യാസമെന്ത് ? 12

**Q3. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ട് നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** 60

ഒരു പ്രത്യേക വ്യക്തിയെ അസൂയയോടെ ലക്ഷ്യം വയ്ക്കുന്നത് സവിശേഷമായി ശ്രദ്ധിക്കേണ്ടതാണ്. സമ്പന്നനും ധർമ്മിഷ്ടനും ബഹുമാന്യനുമായ ഏതെങ്കിലും ഒരാളോട് നമുക്ക് അസൂയജനിക്കുന്നതല്ല ഇവിടെ പ്രശ്നം. മറ്റുള്ളവരുമായി നമ്മെ താരതമ്യപ്പെടുത്തുകയോ നമുക്കെതിരെ പ്രവർത്തിക്കുന്നവരുമായിനമ്മെ തുലനം ചെയ്യാൻ സാദ്ധ്യതയുണ്ടെന്നു കരുതുകയോ ചെയ്യുമ്പോൾ മാത്രമാണ് അസൂയ തനിയെ ഉയർന്നു വരുന്നത്. നമ്മിൽ നിന്ന് അകലയുള്ളവരോടോ നമ്മോട് ബന്ധം വിച്ഛേദിച്ച വ്യക്തികളോടൊ നമ്മെ ഒരുമിച്ചുകാണുകയോ താരതമ്യപ്പെടുത്തുകയോ ചെയ്യുമെന്ന് ഉറപ്പില്ലാത്തപ്പോൾ അവരോട് നമുക്ക് ശത്രുതയുണ്ടാകില്ല. യൂറോപ്പിൽ താമസിക്കുന്ന ഒരുവന്റെ സമ്പത്തിനെപ്പറ്റി കേട്ടാൽ കാശിയിൽ താമസിക്കുന്ന ഒരു സമ്പന്നന് ശത്രുതയുണ്ടാകില്ല. ഒരു ഇംഗ്ലീഷ് കവിയുടെ ഔന്നത്യത്തെക്കുറിച്ചു കേൾക്കുന്ന ഒരു

Adda247
GET IT ON Google Play

ഹിന്ദികവിക്കു അസൂയയെന്ന വികാരമുണ്ടാകില്ല. പലപ്പോഴും അസൂയ കൂടുതൽ വളർന്നുവരുന്നതായി കാണുന്നത് ബന്ധുക്കളുടെയും ബാല്യകാല സുഹൃത്തുക്കളുടെയും സഹപാഠികളുടെയും അയൽപക്കക്കാരുടെയും ഇടയിലാണ്. കുട്ടിക്കാലം മുതൽക്കെ ഒരുമിച്ചു ചുറ്റിത്തിരിയുന്നവർക്കു് അവരുടെ പരസ്പരമുള്ള വളർച്ചയിൽ അസൂയവളർന്നു വന്നേക്കാം. രണ്ടു സുഹൃത്തുക്കളിൽ ഒരാൾക്കു് വിജയമുണ്ടാവുകയും നല്ലനിലയിൽ എത്തിച്ചേരുകയും ചെയ്യുമ്പോൾ മറ്റേയാൾ സമാന സ്ഥാനങ്ങളിൽ എത്തുന്നതിൽ അയാൾ പ്രയാസപ്പെടുന്നതായി സാധാരണ കണ്ടുവരുന്നു. ഒരാളുടെ നേട്ടത്തിലെ മറഞ്ഞിരിക്കുന്ന തടസ്സങ്ങളുടെ കാരണങ്ങൾ കണ്ടെത്താനുള്ള അന്വേഷണത്തിൽ, ഒരു ദിർഘകാല സുഹൃത്ത് അതിനുപിന്നിൽ ഉണ്ടെന്ന് മനസ്സിലാക്കുന്നത് സാധാരണമല്ല. നാം മററുള്ളവരുമായി ബന്ധം സ്ഥാപികുകയും അവരെ നമ്മോട് ഒന്നിപ്പിക്കുകയും ചെയ്യുമ്പോൾ സഹാനുഭൂതിയുടെയും സഹായത്തിന്റെയും സാദ്ധ്യതകൾ വളർത്തിയെടുക്കുക മാത്രമല്ല, അസൂയക്കും വിയോജിപ്പിനുമുള്ള സാദ്ധ്യതകൂടി വളർത്തുകയാണ് ചെയ്യുന്നത്. ഭാവിയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള അനിശ്ചിതത്ത്വത്തിന് വിരുദ്ധമായി നമ്മുടെ പ്രവൃത്തികളിലൂടെ മാത്രം നമ്മയുടെ പ്രതീക്ഷകൾ ഉണർത്തുകയെന്നത് അസാദ്ധ്യമാണ്. ഭാവിയുടെ അനിശ്ചിതത്വം അചഞ്ചലവും അജയ്യവുമാണ്. നമ്മുടെ സകല ജ്ഞാനവും ബുദ്ധിയുമുപയോഗിച്ചാലും നമുക്കതിനെ പൂർണ്ണമായും തരണംചെയ്യാൻ സാദ്ധ്യമല്ല.

Adda247 GET IT ON Google Play

ഇപ്പോൾ വ്യക്തമാകുന്നത് അസൂയയുടെ ലോകത്ത്, ചലനാത്മകമായ പ്രപഞ്ചത്തിനും അതീതമായി, വ്യക്തിക്കും മോഹിപ്പിക്കുന്ന വസ്തുവിനുമിടയിൽ ഈ ചലനാത്മകത യിലേക്ക് ശ്രദ്ധിക്കുന്ന ഒരു സമൂഹവും ആവശ്യമാണ് എന്നതാണ്. അസൂയ ഉടലെടുക്കുന്നത് സമൂഹത്തിന്റെ ധാരണയെ സ്വാധീനിക്കേണ്ടതിന്റെ ആവശ്യകതയിൽ നിന്നുമാണ്. അഭിവൃദ്ധി, നന്മ, ഉയർന്ന ആദരവ് എന്നിവസമൂഹത്തെ അറിയിക്കാതെ, വൈയക്തികമായ സംതൃപ്തിക്കും സന്തോഷത്തിനും വേണ്ടിമാത്രം സ്വകാര്യമായി സാക്ഷാത്കരിക്കാനുള്ളതല്ല. യഥാർത്ഥത്തിൽ നാം മറ്റൊരാളെപ്പോലെ സമ്പന്നനോ ഗുണവാനോ അല്ലെങ്കിലും സമൂഹം നമ്മെ അവർക്കു തുല്യരോ ശ്രേഷ്ഠരോ ആണെന്ന് കരുതുന്നു, എങ്കിൽ നാം സംതൃപ്തരായിരിക്കും. എന്തെങ്കിലും നേടിയെടുക്കാൻ കഴിയാതെപോയിട്ടും സമൂഹത്തിന്റെ ധാരണയാൽ മാത്രം നാം സംതൃപ്തികണ്ടെത്തുന്നത് എങ്ങനെയെന്നത് വിചിത്രമാണ്. സാമൂഹികാനുഭവത്തിന്റെ കൃത്രിമത്വത്തിൽ നിന്ന് പിറവിയെടുക്കുന്ന ഒരു വിഷമാണ് അസൂയ. അന്യരുടെ വളർച്ചയും പുരോഗതിയും കാരണം നമ്മുടെ സ്വന്തം ക്ഷേമത്തിന് പ്രത്യക്ഷമായ ഒരു ദോഷവും നാം കാണുന്നില്ലെങ്കിലും അതിന്റെ സ്വാധീനത്തിൽ നാം അനാവശ്യമായി അസ്വസ്ഥത അനുഭവിക്കുന്നു.

ഒരു ന്യായാധിപൻ നീതിനൽകുന്നു; ഒരു മേസ്തിരി ഇഷ്ടികകൾ പാകുന്നു. സാമൂഹിക ക്ഷേമത്തിന്റെ കാഴ്ചപ്പാടിൽ നോക്കുകയാണെങ്കിൽ ഒരു ന്യായാധിപൻ തന്നെക്കാൾ എല്ലാവിധത്തിലും താഴ്ന്നവനായി ഒരു മേസ്തിരിയെ കരുതുന്നത് ഒരിക്കലും ഉചിതമായിരിക്കുകയില്ല.

Adda247 GET IT ON Google Play

താഴ്ന്നവനെന്നും ഉയർന്നവനെന്നുമുള്ള ബോധം പ്രബലമായിരിക്കുന്ന ഒരു സമൂഹത്തിൽ, അവരിലെ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിൽ സ്ഥിരമായ അസൂയ ശക്തമായിത്തീരുകയും ഐക്യത്തിലേക്കുള്ള വളർച്ച അപൂർവ്വ സന്ദർഭങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. തങ്ങളുടെ ഉപജീവനത്തെ സഹായിക്കുന്നു എങ്കിൽ കൂടി വ്യത്യസ്ത തൊഴിലുകളുടെ വലിപ്പത്തെയും ചെറുപ്പത്തെയും കുറിച്ച് ബഹളമുണ്ടാക്കുകയും കരയുകയും ചെയ്യാതെ അവയുടെ വൈവിധ്യത്തെ മാനിച്ചാൽ അത് സമൂഹത്തിലെ അനേകം അസംതൃപ്തികളെ ഇല്ലാതാക്കുവാൻ സഹായിക്കും. ഇത്തരത്തിലുള്ള വേർതിരിവുകൾ വ്യാപകമായി പ്രചരിക്കുകയും അത് മനുഷ്യ സ്വഭാവത്തിൽ വ്യക്തമായി പ്രത്യക്ഷമാവുകയും ചെയ്താൽ മനുഷ്യന്റെ ഊർജ്ജം ചിലസവിശേഷ മേഖലകളിലേക്കു മാത്രം തിരിയുകയും തൊഴിലിടങ്ങൾ അസുഖകരമാവുകയും ചെയ്യും.

*(327 വാക്കുകൾ)*

**Q4. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുക :** *20*

കുടിൽ വ്യവസായങ്ങൾ, ചെറുകിടവ്യവസായങ്ങൾ എന്നിവയെ ചുറ്റിപ്പറ്റിയുള്ള സംവാദങ്ങൾക്കു് ഇപ്പോൾ ഒരിക്കൽ കൂടി ഭാരതത്തിൽ പുനരുജ്ജീവനമുണ്ടായതായി അനുഭവപ്പെടുന്നു. ചെറിയസ്ഥലങ്ങൾ, കുറഞ്ഞമൂലധനനിക്ഷേപം, കുറഞ്ഞ ഓഹരിപങ്കാളിത്തം, കുറഞ്ഞതൊഴിലാളിപങ്കാളിത്തം എന്നിവ ആവശ്യമുള്ള ചെറുകിട ഗാർഹിക വ്യവസായസംരംഭങ്ങൾ സ്ഥാപിക്കുക എന്നതിലാണ് ഇത്തരംവ്യവസായങ്ങളെ സംബന്ധിച്ച കാതലായ ആശയം കുടികൊള്ളുന്നത്. തൊഴിലില്ലായ്മക്കെതിരെ പോരാടുമ്പോൾ ഈ മാതൃക വ്യക്തികളെ നിർമ്മാതാക്കളോ ഉൽപ്പാദകരോ ആകാൻ

Adda247 GET IT ON Google Play

അനുവദിക്കുകയും ഒരുവന്റെ ഉപജീവനമാർഗം നേരിടുന്നതിലെ വെല്ലുവിളികളെ അഭിമുഖീകരികാൻ അയാളെ സജ്ജനാക്കുകയും അതിലൂടെ നിലവാരപ്പെട്ട ജീവിതം നയികാൻ പ്രാപ്തനാ ക്കുകയും ചെയ്യുന്നു. ഭാരതംപോലൊരുരാജ്യത്തിന്റെ വികസനത്തിന് ചെറുകിടവ്യവസായങ്ങൾക്കു മാത്രമേ കഴിയുകയുള്ളു എന്ന വസ്തുത സ്വാതന്ത്ര്യ സമരകാലത്തുതന്നെ മഹാത്മാഗാന്ധി കാണിച്ചുതന്നിട്ടുള്ളതാണ്. അദ്ദേഹം ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ പ്രേരിപ്പിക്കുകയും പരമ്പരാഗതമായ വ്യവസായങ്ങൾ പുനർനവീകരിക്കുകയും ചെയ്തു. ഈ കാഴ്ചപ്പാടിനുവിരുദ്ധമായി സ്വാതന്ത്ര്യാനന്തരകാലത്തെ നേതൃത്വം ഈ വിഭാഗത്തെ വലിയ അളവിൽ തള്ളിക്കളയുകയും വൻകിടവ്യവസായങ്ങളെ ആധിപത്യം സ്ഥാപിക്കുവാൻ അനുവദിക്കുകയും ചെയ്തു. ഈ വ്യവസായങ്ങളാകട്ടെ സമ്പന്നവിഭാഗങ്ങളുടെ അധീനതയിലുള്ള തായിരുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യ, വിദ്യാഭ്യാസത്തിന്റെ വ്യാപനം, പൊതുസമൂഹത്തിലുണ്ടായ ഉണർവ്, സ്വന്തം അവകാശങ്ങളെപ്പറ്റിയുള്ള തിരിച്ചറിവ്, അവയ്ക്കുവേണ്ടിയുള്ള അവകാശ മുന്നയിക്കൽ, നിരന്തരം വർദ്ധിച്ചുവരുന്ന തൊഴിൽ രഹിതരുടെ നീണ്ടനിര-എന്നിവയെല്ലാം കൂടി ഇന്നത്തെ ചിന്തിക്കുന്ന വിഭാഗത്തെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ സ്വാധീനിക്കുകയും ഗാന്ധിജിയുടെ ചിന്തകളെപുനർവിചിന്തനത്തിന് വിധേയമാക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഇന്ന് രാഷ്ട്രത്തിന്റെ ആവശ്യങ്ങൾ ക്കനുസരിച്ച് വളരുന്ന ചെറുകിട വ്യവസായങ്ങൾക്ക് വർദ്ധിതമായ അംഗീകാരം ലഭിക്കുന്നുണ്ട്. അനന്തരഫലമായി കുടിൽ വ്യവസായങ്ങളുടെ ഒരു ശൃംഘലതന്നെ രാജ്യമാസകലം വ്യാപിക്കുന്നുണ്ട്.

Adda247 GET IT ON Google Play

**Q5.** **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്കു തർജ്ജമ ചെയ്യുക :** *20*

In our democratic system, the press has a vital role. While there has been large-scale expansion of the print and visual media in recent years, a focused approach to dealing with major societal and political issues has still to evolve. There is, as yet, excessive and exaggerated coverage of exposures and scandals and far too little well-informed comment or analysis of the various deep-rooted factors which generate the continuing malaise. The media could make an extremely useful contribution by devoting adequate coverage to tasks well done, highlighting the achievements of honest and efficient public servants and organizations, according special attention to developments in the remote and backward areas of our country. Our media is free and unfettered. It should be able to expose cases and incidents involving irregular and unlawful exercise of authority and abuses of all kinds. The existing ills in our socio-political environment will, on present reckoning, take considerable time to remedy. The Department of Personnel and Administrative Reforms should focus on establishing institutions responsible for all personnel matters — appointments, postings, transfers etc. — without any external interference. Also, there is a need for adoption of a robust code of ethics to be followed by those involved in public functioning.

**Q6.** **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :**

(a) **അർത്ഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക :** *2×5=10*

(i) പെടാപ്പാട് *2*

(ii) വേദവാക്യം *2*

(iii) ബാലികേറാമല *2*

(iv) അധരവ്യായാമം *2*

(v) ചവിട്ടുപടി *2*

Adda247 GET IT ON Google Play

(b) സന്ധിപിരിച്ചെഴുതുക : *2×5=10*

(i) ദണ്ഡകാരണ്യം *2*

(ii) അണ്വായുധം *2*

(iii) വാഗ്വാദം *2*

(iv) ചക്കച്ചുള *2*

(v) വരാതിരുന്നു *2*

(c) വിഗ്രഹിച്ചെഴുതുക : *2×5=10*

(i) യഥാവിധി *2*

(ii) ഭാഷാസ്നേഹം *2*

(iii) തീപ്പെട്ടി *2*

(iv) നാലഞ്ച് *2*

(v) മധുരമൊഴിയാൾ *2*

(d) താഴെകൊടുത്തിരിക്കുന്ന പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : *2×5=10*

(i) വിമ്മിഷ്ടം *2*

(ii) അനുഗ്രഹീതൻ *2*

(iii) ഗരുഡൻ *2*

(iv) വൃണം *2*

(v) ഐശ്ചികം *2*

Adda247

Adda247
GET IT ON Google Play